പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 31 — 11.12.2012-ൽ മറുപടിയ്ക്ക്

## ഗാഡ്ഗിൽ ഫോർമുല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പാലോട് രവി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഗാഡ്ഗിൽ ഫോർമുല അനുസരിച്ച് സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കേണ്ടത് ; വിശദാംശങ്ങൾ എന്തെല്ലാം ; | കേന്ദ്ര വൈദ്യുത പദ്ധതികളിൽ നിന്നും ഗാഡ്ഗിൽ ഫോർമുല പ്രകാരം കേരളത്തിന് 958.33 MW ഉറപ്പായ (firm) വിഹിതമായി ലഭ്യമാകുന്നുണ്ട്. കൂടാതെ വീതം വയ്ക്കാത്ത (unallocated) വിഹിതത്തിൽ നിന്നും ഇപ്പോൾ 264.07 MW ലഭിക്കുന്നുണ്ട്.<br><br>കേന്ദ്ര വൈദ്യുത പദ്ധതികളുടെ ശേഷിയുടെ 75% വിവിധ സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകുന്നു. 10% പദ്ധതിയുടെ ആഘാതമനുഭവിക്കുന്ന സംസ്ഥാനങ്ങൾക്കും 15% കേന്ദ്ര ഗവൺമെന്റ് വിവേചനാധികാരം ഉപയോഗിച്ച് അവശ്യ- ഘട്ടങ്ങളിൽ സംസ്ഥാനങ്ങൾക്ക് നൽകുന്നതിനായി മാറ്റി വച്ചിരിക്കുന്നു. മാറി വരുന്ന ഘടകങ്ങൾക്കനുസൃതമായി കേന്ദ്ര പദ്ധതികളിൽ നിന്നും സംസ്ഥാനങ്ങൾക്ക് ലഭ്യമായ വിഹിതം പുനർനിർണ്ണയിക്കാറുണ്ട്. ഇപ്രകാരം രണ്ടായിരമാണ്ടിൽ നിലവിൽ വന്ന താൽച്ചർ പദ്ധതിയിൽ നിന്നും കേരളത്തിന്റെ കേന്ദ്ര വിഹിതം 14% ആയിരുന്നു. എന്നാൽ 2011 ൽ നെയ്‌വേലി ലിഗ്നൈറ്റ് കോർപ്പറേഷന്റെ പുതിയ പദ്ധതിയിൽ നിന്നും 3.24% മാത്രമാണ് വിഹിതം ലഭിച്ചത്. |
| (ബി) അർഹതപ്പെട്ട വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ; | (ബി) കേന്ദ്ര വൈദ്യുത പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ അതതു മേഖലകളിലെ സംസ്ഥാനങ്ങളോട് ഈ പദ്ധതികളിൽ നിന്നുള്ള ആവശ്യകത വ്യക്തമാക്കാൻ |

ആവശ്യപ്പെടാറുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യകത കണക്കാക്കി അതിനനുസൃതമായി കേന്ദ്രത്തോട് വൈദ്യുതി വിഹിതത്തിനുള്ള നിവേദനം സമർപ്പിക്കും. കേരള ഗവൺമെന്റ് നേരിട്ടും സംസ്ഥാനത്തു നിന്നുള്ള കേന്ദ്ര മന്ത്രിമാർ വഴിയും കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്ന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭ്യമാക്കാൻ സമ്മർദ്ദം ചെലുത്താറുണ്ട്.

(സി) കൂടംകുളം ആണവ നിലയത്തിൽ നിന്ന് സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ?

(സി) കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള സംസ്ഥാന വിഹിതമായ 266 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിലേക്ക് പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷനും, പള്ളിക്കര മുതൽ മാടക്കത്തറ വരെ 400 കെ.വി. പ്രസരണ ലൈനും, തിരുനെൽവേലി മുതൽ ഇടമൺ വരെ 400 കെ.വി. പ്രസരണ ലൈനും പവർഗ്രിഡ് കോർപ്പറേഷൻ നിർമ്മിച്ച് കമ്മീഷൻ ചെയ്തു കഴിഞ്ഞു. കൂടാതെ ഉദുമൽ - മാടക്കത്തറ 400 കെ.വി. ലൈൻ പാലക്കാട്ട് ടാപ്പ് ചെയ്ത് ഇലപ്പുള്ളിയിൽ പവർഗ്രിഡ് കോർപ്പറേഷന്റെ ഒരു 400 കെ.വി. സബ്സ്റ്റേഷനും ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. പള്ളിക്കരയിൽ നിന്നും ബ്രഹ്മപുരം സബ്സ്റ്റേഷനിലേക്കുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണം 2013 ഫെബ്രുവരിയോടെ കെ.എസ്.ഇ.ബി. പൂർത്തിയാക്കും. ഇടമൺ മുതൽ കൊച്ചി (പള്ളിക്കര) വരെയുള്ള 400 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ എറണാകുളം, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കർഷകരുടെ എതിർപ്പ് കാരണം തടസ്സപ്പെട്ടിരിക്കുകയാണ്. കൂടംകുളത്തു നിന്നുള്ള വൈദ്യുതി ഉദുമൽ - മാടക്കത്തറ 400 കെ.വി. ലൈൻ വഴി കൊച്ചി പള്ളിക്കരയിലെത്തിക്കാമെങ്കിലും ഇതുമൂലം ഭീമമായ പ്രസരണ നഷ്ടം നേരിടേണ്ടിവരുമെന്നതിനാൽ പ്രസരണനഷ്ടം പരമാവധി കുറച്ച് വൈദ്യുതി കൊച്ചിയിൽ എത്തിക്കാനായി ഇടമൺ - പള്ളിക്കര 400

കെ.വി. ലൈനിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്. ആയതിനാൽ ഇടമൺ-കൊച്ചി സെക്ടറിലെ ഭൂവുടമകൾ/കർഷകരുമായും ബന്ധപ്പെട്ട ജന പ്രതിനിധികളുമായും ചർച്ചകൾ നടത്തി അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ രണ ലൈനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുന:രാരംഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ.